കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1373/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ -680 020

ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in

തീയതി: 13.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കൊണ്ടാഴി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-24, 3-26 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1373/2017 തീയതി: 13.10.2017

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴിഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16.10.16 മുതൽ 31.7.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.8.17 മുതൽ 9.8.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു.പി.എസ്. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | കെ.എം.ഷാജിത. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ബിജേഷ്.എ.എസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ആർ.ശ്രീദേവി. | 1.4.16മുതൽ 31.3.17വരെ |
| സെക്രട്ടറി | ശ്രീമതി.ബിന്ദു.ടി.എൻ<br>അസി.സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്) | 1.4.16 മുതൽ 29.12.16വരെ |
| | ശ്രീമതി.എം.ജയലക്ഷ്മി | 30.12.16മുതൽ 31.3.17 വരെ |

നിർവ്വഹണോദ്യോഗസ്ഥർ:

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.ബിന്ദു.ടി.എൻ | 1.4.16 മുതൽ 29.12.16 വരെ |
| | ഒഴിവ് | 30.12.16 മുതൽ 4.1.17 വരെ |
| | ശ്രീമതി.സറീന.എ.അലി | 5.1.17 മുതൽ 31.3.17 വരെ |
| വി.ഇ.ഒ (ചേലക്കോട് സർക്കിൾ) | പ്രവീൺ.ഇ | 1.4.16 മുതൽ 24.7.16 വരെ |
| | ഒഴിവ് | 25.7.16 മുതൽ 10.11.16 വരെ |
| | പ്രശാന്ത്.പി.കെ | 11.11.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ (കൊണ്ടാഴി സർക്കിൾ) | നിഖിൽ.കെ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം, കൊണ്ടാഴി | ഡോ.അനില വിശ്വനാഥൻ.ടി | 1.4.16 മുതൽ 14.6.16 വരെ |

| | | |
|---|---|---|
| | ഡോ.ബിന്ദു.കെ | 15.6.16 മുതൽ 31.3.17 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സന്തോഷ്.കെ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം, കൊണ്ടാഴി | ഡോ.എഡിസൺ.പി | 1.4.16 മുതൽ 12.1.17 വരെ |
| | ഡോ.മൃദുല.എൻ.മോഹൻ | 13.1.17 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ, കൊണ്ടാഴി | ഡോ.കൃഷ്ണദാസ് | 1.4.16 മുതൽ 12.4.16 വരെ |
| | ഡോ.ശരണ്യ.എം.ജി | 13.4.16 മുതൽ 31.3.17 വരെ |
| ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്, മായന്നൂർ | ശ്രീമതി.വസന്തകുമാരി.ടി | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി.പത്മജ.കെ | 1.4.16 മുതൽ 31.1.17 വരെ |
| | റോസ് മോൾ | 1.2.17 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജ്യൂലി ജോർജ് | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | സുരേഷ് കുമാർ | 1.4.16 മുതൽ 31.3.17 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ശകുന്തള | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം



| ക്രമ നം | ഭാഗം-1 | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള വിതരണ പദ്ധതി -ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 2-1 |
| 13 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 14 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-3 |
| 15 | തൊഴിൽ നികുതി കുറവായി ഈടാക്കി | 2-4 |
| 16 | വസ്തുനികുതി-ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരം പുന:പരിശോധിക്കേണ്ടതാണ്. | 2-5 |
| 17 | വസ്തുനികുതി കുറവായി ഈടാക്കി-നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. | 2-6 |

| | | |
|---|---|---|
| 18 | ലേലം -വാല്വേഷൻ നടത്താതെ ലേലനടപടികൾ സ്വീകരിച്ചു | 2-7 |
| 19 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ പന്നി ഫാമിന് ഡി.& ഒ ലൈസൻസ് അനുവദിച്ചു | 2-8 |
| 20 | ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 2-9 |
| | ഭാഗം-3 | |
| 21 | ABC പ്രോഗ്രാം-കൈപ്പറ്റ്,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല | 3-1 |
| 22 | ഓണം അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 3-2 |
| 23 | നെൽകൃഷിക്ക് കൂലിചെലവ്, ഉൽപാദന ബോണസ് എന്നിവ പൂർണ്ണമായി വിതരണം നടത്താൻ സാധിച്ചില്ല | 3-3 |
| 24 | കൈപ്പറ്റ് രസീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-4 |
| 25 | എസ്.സി .വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-പഠനം പൂർത്തീകരിച്ച ഗുണഭോക്താവിന് നൽകി | 3-5 |
| 26 | രേഖകൾ പൂർണ്ണമായി ഹാജരാക്കാത്ത ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചു. | 3-6 |
| 27 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-7 |
| 28 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും കുപ്പികളും വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-8 |
| 29 | സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ കൈപ്പറ്റ് രസീതി ഹാജരാക്കുകയോ ചെയ്തിട്ടില്ല | 3-9 |
| 30 | അംഗൻവാടികൾക്ക് ബേബി ഫ്രണ്ട് ലി പെയിന്റിംഗ്-രേഖകൾ | 3-10 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല | |
| 31 | നാഷണൽ പെൻഷൻ സിസ്റ്റം-ശമ്പളത്തിൽ നിന്നും പിടിച്ച തുകകൾ പെൻഷൻ അക്കൗണ്ടിൽ അടവാക്കിയില്ല | 3-11 |
| 32 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-മതിയായ വിഹിതം വകയിരുത്തിയില്ല | 3-12 |
| 33 | എസ്.എസ്.എ-അധികമായി അടവാക്കിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-13 |
| 34 | ആട്ടുവളർത്തൽ പദ്ധതി-അനർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ചു | 3-14 |
| 35 | സമഗ്രക്ഷീരവികസനം-ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത രേഖകൾ ഇല്ല | 3-15 |
| 36 | ഒ.ഡി.എഫ് പദ്ധതി-ലഭ്യമായ ശുചിത്വമിഷൻ വിഹിതം വിനിയോഗിച്ചിട്ടില്ല | 3-16 |
| 37 | 2016-17 ൽ പഞ്ചായത്ത് 12093029 രൂപ ലാപ്സാക്കി | 3-17 |
| 38 | പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സ് തയ്യാറാക്കിയതിലെ അപാകതകൾ | 3-18 |
| 39 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിലെ അപര്യാപ്തതകൾ | 3-19 |
| 40 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-20 |
| 41 | ഫർണിച്ചർ കൈമാറിയില്ല | 3-21 |
| 42 | വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതിൽ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 3-22 |

| | | |
|---|---|---|
| 43 | പൊതുമരാമത്ത് മേഖല- കരഞ്ഞ ഫണ്ട് വിനിയോഗം | 3-23 |
| 44 | ഇൻസിനറേറ്ററിന്റെ പ്രവർത്തനം ഫലപ്രദമല്ല | 3-24 |
| 45 | രശ്മിനഗർ ലൈബ്രറി കെട്ടിടം പഞ്ചായത്തിന്റെ അധീനതയിലാക്കണം | 3-25 |
| 46 | ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിലെ അപാകതകൾ | 3-26 |
| 47 | മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-27 |
| | ഭാഗം-4 | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 57 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 4.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.17 | 5.7.17 |

## 1-3 വാർഷികകണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകത ചുവടെ ചേർക്കുന്നു

നാളിതുവരെ സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ് & പേയ്മെന്റ് പത്രിക , ബാലൻസ് ഷീറ്റ് എന്നിവ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5733635 |
| വരവ് | 41845591 |
| ആകെ | 47579226 |
| ചെലവ് | 41073587 |
| നീക്കിയിരിപ്പ് | 6505639 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10007511 | 10007511 | 8609570 | 1397941 | 86.03 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7888212 | 7888212 | 7307447 | 580765 | 92.03 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 0 | 2241 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4650312 | 4650312 | 0 | 4650312 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2678088 | 2678088 | 2673374 | 4714 | 99.82 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5612980 | 5612980 | 2533892 | 3079088 | 45.14 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3359362 | 3359362 | 979153 | 2380209 | 29.15 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 58144587 | 83 | 2699022 | 8 | 91 | 45.6 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 45.46 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1933835 | 3184699 | 1250864 | (+)64.68 |
| നികുതിയേതര വരവുകൾ | 527870 | 311847 | 216023 | (-)40.93 |
| മറ്റുവരവുകൾ | 98094 | 227108 | 129014 | (+)131.52 |
| ആകെ | 2559799 | 3723654 | 1163855 | (+)45.46 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 281640 | 220 |
| കർഷകതൊഴിലാളി പെൻഷൻ | 7411170 | 794 |
| വിധവാപെൻഷൻ | 13402720 | 1133 |
| വാർദ്ധക്യകാലപെൻഷൻ | 15156535 | 1533 |
| വികലാംഗപെൻഷൻ | 2955890 | 322 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 1986160 | 202 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 480000 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4/8/17 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11010/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ 30 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുകയോ, ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച രജിസ്റ്റർ തയ്യാറാക്കി കൈപ്പററ് രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കക്കൂസ് റിപ്പയറിനായി 17 ഗുണഭോക്താക്കൾക്ക് 8000/- രൂപ നൽകിയിട്ടുണ്ട്. ആയതിന് അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.7.17 മുതൽ | 4/17 മുതൽ 6/17 വരെ | - |

| | | | |
|---|---|---|---|
| | 23.7.17 വരെ | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.16 മുതൽ 1.1.17 വരെ | 2005-06 മുതൽ 2009-10 വരെ | 31.1.2017 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള വിതരണ പദ്ധതി -ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

കൊണ്ടാഴി ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന തേക്കിൻകാട് വാഴാട് കുടിവെള്ള പദ്ധതിയിൽ നിന്നും 2016-17 സാമ്പത്തികവർഷം വരെ യഥാസമയം വെള്ളക്കരം പിരിച്ചെടുക്കാത്തതുകൊണ്ട് വാട്ടർചാർജിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | മുൻവർഷം | തൻവർഷം | ആകെ |
|---|---|---|---|
| കുടിശ്ശിക | 1,42,020 | 1,62,700 | 3,04,720 |

ഉപഭോഗം കണക്കാക്കാൻ സ്ഥാപിച്ചിട്ടുള്ള മീറ്ററുകളിൽ പലതും കേടുവന്നിട്ടുള്ളതോ, നഷ്ടപ്പെട്ടുപോയതോ ആണെന്നു രേഖകളിൽ കാണുന്നു. കൂടാതെ വ്യക്തിഗത ഉപഭോക്താക്കളുടെ ഒരു വർഷത്തെ ആകെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലും പിഴവുകൾ ഉള്ളതായി രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതിനാൽ പദ്ധതിയിൽ നിന്നുള്ള വരവ് ആകെ ഡിമാന്റ് എന്നിവ കൃത്യമായി കണക്കാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കിയ പല ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം പിരിച്ചെടുക്കാനും ഗ്രാമപഞ്ചായത്തിന്സാധിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | കണക്ഷൻ നം. | പേര് | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|---|
| 1 | 54 | കുഞ്ഞൻ കെ കെ | 740 | ഇല്ല |
| 2 | 192 | ജയൻ | 910 | ഇല്ല |
| 3 | 274 | ശങ്കരൻകുട്ടി നായർ | 640 | ഇല്ല |
| 4 | 392 | മാളു | 640 | ഇല്ല |

വാർഷികകണക്ക് പ്രകാരം കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന തുക ഈടാക്കാനുള്ള അടിയന്തിരനടപടികളും കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | നിരീക്ഷണം |
|---|---|---|
| 1 | ബി എസ് എൻ എൽ ടെലഫോൺ എക്സ്ചേഞ്ച് | തൊഴിൽ നികുതി (സ്ഥാപനം) |
| 2 | ദേവസ്വം ഓഫീസ്, മായന്നൂർ | തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) |
| 3 | ക്ഷീരോൽപാദക സഹകരണസംഘം | തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) |
| 4 | മായന്നൂർ കേബിൾ വിഷൻ | തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) |
| 5 | കെ എം ഫ്യൂവൽസ്, മായന്നൂർ | തൊഴിൽ നികുതി (ജീവനക്കാർ) |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന താഴെപറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ജീവനക്കാരൻ | തസ്തിക | ഒന്നാം അർദ്ധവർഷത്തിൽ വേതനമിനത്തിൽ കൈപ്പറ്റിയ തുക | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|---|
| ടി.കെ.ഹരിനാഥൻ | ഡ്രൈവർ | 55250 | 450 |
| രാധ.ടി.ബി | ക്ലാർക്ക് | 26025 | 180 |
| മല്ലികാ സുഭാഷ് | ക്ലാർക്ക് | 68400 | 600 |

| | | | |
|---|---|---|---|
| ജിനിഷ.പി.എം | എൻ.ആർ.ജി.എ -എ.ഇ | 89800 | 750 |
| സുഭാഷ്.വി.എ | എൻ.ആർ.ജി.എ -ഓവർസീയർ | 41900 | 300 |
| ലിജോ തോമസ് ജോർജ് | എൻ.ആർ.ജി.എ-ഡി.ഇ.ഒ | 41900 | 300 |
| സുമി.പി.എസ് | എൻ.ആർ.ജി.എ-ഡി.ഇ.ഒ | 81500 | 750 |
| രണ്ടാം അർദ്ധവർഷം | | | |
| രാധ.ടി.ബി | ക്ലാർക്ക് | 46575 | 450 |
| മല്ലികാ സുഭാഷ് | ക്ലാർക്ക് | 45900 | 450 |
| | | ആകെ | 4230 |

തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2016-17 സാമ്പത്തികവർഷത്തിലെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ താഴെ പറയുംപ്രകാരം കുറവ് വന്നിട്ടുണ്ട്.

| ജീവനക്കാരൻ | കൈപ്പറ്റിയ വേതനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| പി.ബി.ശശി, ഡ്രൈവർ | 100100 | 750 | 1000 | 250 |
| ജിനീഷ.പി.എം (എൻ.ആർ.ജി.എ-എ.ഇ) | 130394 | 1000 | 1250 | 250 |
| സുമി.പി.എസ് (ഡി.ഇ.ഒ) | 100400 | 750 | 1000 | 250 |
| രമ്യ.കെ.ആർ (ഡി.ഇ.ഒ) | 100400 | 750 | 1000 | 250 |

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി-ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരം പുന:പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 60 $m^2$ ന താഴെയുള്ള മുഴുവൻ കെട്ടിടങ്ങളും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ നിന്നു ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ

സോഫ്റ്റ്‌വെയറിൽ നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളിൽ 60 $m^2$ ന മുകളിലുള്ള കെട്ടിടങ്ങളും ഉൾപ്പെട്ടുകാണുന്നു. അതേ സമയം ആയവയ്ക്ക് സഞ്ചയയിൽ വസ്തു നികുതി ഡിമാന്റ് ചെയ്തതായും കാണുന്നു. മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പുന:പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തേണ്ടതാണ്.

## 2-6 വസ്തുനികുതി കുറവായി ഈടാക്കി-നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.11 ലെ 1(1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ആനുപാതികമായ വസ്തുനികുതി നിരക്കുകൾ അംഗീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം 100$m^2$ ന മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾ, ഷോപ്പുകൾ എന്നിവയ്ക്ക് 50/- രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വാസുദേവകുറുപ്പ് s/o ചാത്തുകുറുപ്പ് എന്നവരുടെ 489.37 $m^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 25.05.16 ൽ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ II/538 മുതൽ II/554 വരെയുള്ള റൂമുകൾക്ക് മുഴുവൻ 40/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. II/554 റൂമിന്റെ തറവിസ്തീർണ്ണം 123.09 $m^2$ ആണെന്നിരിക്കെ ആയതിനും മേൽപറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതുവഴി ഉണ്ടായ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
|---|---|
| തറവിസ്തീർണ്ണം-123.09$m^2$ | തറവിസ്തീർണ്ണം-123.09$m^2$ |
| അടിസ്ഥാന വസ്തുനികുതി നിരക്ക്-40/- | അടിസ്ഥാന വസ്തുനികുതി നിരക്ക്-50/- |
| മേഖലാടിസ്ഥാനത്തിലുള്ള വർദ്ധനവ്-20% | മേഖലാടിസ്ഥാനത്തിലുള്ള വർദ്ധനവ്-20% |
| കെട്ടിടത്തിന്റെ മുകൾനിലയ്ക്കുള്ള ഇളവ്-5% | കെട്ടിടത്തിന്റെ മുകൾനിലയ്ക്കുള്ള ഇളവ്-5% |
| ആകെ =123.09x40=4924<br>4924x20%= 985<br>=5909x5%=295<br>(4924+985=5909)<br>ആകെ=4924+985-295<br>=5614<br><br>ലൈബ്രറിസെസ്-5%=281 | ആകെ =123.09x50=6155<br>=6155x20%=1231<br>6155x5%=308<br>ആകെ=6155+1231-308<br>=7078<br><br>ലൈബ്രറിസെസ്-5%=354 |

ഈടാക്കിയ വസ്തുനികുതിയിലെ കുറവ് =7078-5614=1464

ഈടാക്കിയ ലൈബ്രറിസെസിലെ കുറവ് = 351-281=73

ഈടാക്കിയ വസ്തുനികുതിയിലെ കുറവ് ഈടാക്കേണ്ടതും സഞ്ചയ ഡിമാന്റ് രജിസ്റ്ററിൽ ആയതു പ്രകാരമുള്ള മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. 2016-17 സാമ്പത്തികവർഷം വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം പുനപരിശോധിക്കേണ്ടതും

നികുതിനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 ലേലം -വാല്വേഷൻ നടത്താതെ ലേലനടപടികൾ സ്വീകരിച്ചു

27/08/2016-ന്, 8-ാം വാർഡിലെ പുത്തിരിത്തറ അങ്കണവാടിക്ക് സമീപം മുറിച്ചിട്ട കാട്ടുമുന്തിരി മരം 8100/- രൂപയ്ക്ക് ലേലം ചെയ്തു കൊടുത്തതായി കാണുന്നു. എന്നാൽ ലേലം ചെയ്യുന്ന വസ്തുവിന്റെ അടിസ്ഥാന മൂല്യം കണക്കാക്കാനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്നുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ലേല ഡയറിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-8 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ പന്നി ഫാമിന് ഡി.& ഒ ലൈസൻസ് അനുവദിച്ചു

ഹാരിസൺ .കെ. പി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പന്നി ഫാമിന് 19/11/2016 ന് പഞ്ചായത്ത് അനുമതി നൽകിയതായി കാണുന്നു (ഡി & ഒ രജിസ്റ്റർ ക്രമ നം. 241). 6 ൽ കൂടുതൽ പന്നികളുള്ള ഫാമിനുള്ള അപേക്ഷ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 6ാം ചട്ടം 1ാം ഉപചട്ടത്തിൽ പറയുന്ന ഫാറം ഒന്നിൽ സമർപ്പിക്കേണ്ടതാണ്. ഈ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. ഇതു പ്രകാരമുള്ള അനുമതി ലഭിച്ച ശേഷം മാത്രമേ ഡി & ഒ ലൈസൻസിനുള്ള അപേക്ഷ നൽകാവൂ. പഞ്ചായത്ത് ഈ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. ഇതിനോടൊപ്പം തന്നെ സമർപ്പിക്കേണ്ട ഭൂവിസ്തൃതി, വില്ലേജ് ലൊക്കേഷൻ സ്കെച്ച്, 10 മീറ്റർ ചുറ്റളവിലുള്ള കെട്ടിടങ്ങളുടെ/ഷെഡ്ഡുകളുടെ സ്കെച്ച് എന്നിവയും സമർപ്പിക്കപ്പെട്ടിട്ടില്ല.

ഡി & ഒ ലൈസൻസിനുള്ള അപേക്ഷയിൻമേലുള്ള അന്വേഷണ റിപ്പോർട്ടിൻമേൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചത് 21/11/2016-നാണെങ്കിലും ഡി & ഒ ലൈസൻസിനുള്ള അനുമതി അതിനു മുമ്പേ 19/11/2016-ന് നൽകിയതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-9 ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

2016-17 വർഷത്തിൽ ചെലവ് നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല.

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് |
|---|---|---|
| 1. | 112/16 | കാട്ടാളത്ത്കോളനി 86ാം നമ്പർ അംഗൻവാടി കെട്ടിടനിർമ്മാണം |
| 2. | 136/15 | പി.എച്ച്.സി.കെട്ടിടം അറ്റക്കുറ്റപ്പണി |
| 3. | 140/16 | പാറമേൽപ്പടി അംഗൻവാടി |
| 4. | 112/16 | രശ്മിനഗർ ലൈബ്രറി കെട്ടിടം |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ABC പ്രോഗ്രാം-കൈപ്പറ്റ്,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല

പ്രൊജക്ട് നം-119/17

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ചെക്ക് നം/തിയതി-1358784/16.3.17 തുക-75000/-

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ABC on Wheels എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവുനായ്ക്കളെ വന്ധ്യംകരിക്കാനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 75000/- രൂപ തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടുകൾക്കുള്ള അക്കൗണ്ടിലേക്ക് (no.799011400000646)'ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രസീതിയോ, വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 75000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ഓണം അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചിട്ടില്ല

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയിരുന്ന ശ്രീ.നിജാമുദ്ധീന് 2016-17 ൽ ഓണം അഡ്വാൻസ് ഇനത്തിൽ 15000/- രൂപ അനുവദിച്ചിരുന്നു.(ചെക്ക്നം.135/8.9.16). ആയതിലേക്ക് 3000/- രൂപ രസീതി.നം.41600032/29.9.16 പ്രകാരം അടവാക്കിയിട്ടുണ്ട്. 2016 നവംബർ മാസത്തിൽ ടിയാൾ പഞ്ചായത്ത് വകുപ്പിൽ നിന്നും തസ്തികമാറ്റം മുഖേന ഗ്രാമവികസനവകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. ഓണം അഡ്വാൻസിൽ ബാക്കിയുള്ള 12000/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

പട്ടികജാതി വികസന വകുപ്പിൽ നിന്നും പഞ്ചായത്ത് വകുപ്പിലേക്ക് പുതിയതായി നിയമനം ലഭിച്ച ശ്രീ.വിപിൻ.വി, ക്ലാർക്കിന്റെ ഓണം അഡ്വാൻസ് ക്രമീകരിക്കുന്നതിനായി 3000/- രൂപ

രസീതി.നം.41600097/4.3.17 പ്രകാരം ഈടാക്കിയിട്ടുണ്ടെങ്കിലും നാളിതു വരെ മേൽ തുക പട്ടികജാതി വികസന വകുപ്പിലേക്ക് അടവാക്കിയിട്ടില്ല.

അഡ്വാൻസ് തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 നെൽകൃഷിക്ക് കൂലിചെലവ്,ഉൽപാദന ബോണസ് എന്നിവ പൂർണ്ണമായി വിതരണം നടത്താൻ സാധിച്ചില്ല

2016-17 സാമ്പത്തികവർഷം നെൽകൃഷിക്ക് കൂലിചെലവിനത്തിൽ ട്രഷറിബിൽ നം.12/31.3.17 പ്രകാരം 500000/- രൂപയും, ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 500000/- രൂപയും ഉൾപ്പെടെ 1000000/- രൂപയും, ഉൽപാദന ബോണസ് ആയി 186520/- രൂപയും നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ട് നം.54830100003019 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിൽ കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകൾ വിവിധ കാരണങ്ങളാൽ തിരികെ ലഭിക്കുകയുണ്ടായി.

ഉദാ:ചക്കൻ-a/c no.7196464873 -account closed

സീതാലക്ഷ്മി.പി.ആർ-a/c no.7198532183-account does not exists

രാംകുമാർ-a/c no.7205678627- account unavailable

ഇപ്രകാരം 4/17 മുതൽ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതിൽ പലിശ ഇനത്തിൽ 11.7.17 ൽ ലഭിച്ച 7475/- രൂപ ഉൾപ്പെടെ 31.7.17 ൽ 36095/- രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ഗുണഭോക്താക്കൾക്ക് വിതരണം നടത്താതെ അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന മേൽ തുക വിതരണം നടത്താനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും പലിശ ഇനത്തിൽ ലഭിച്ച തുക സർക്കാറിലേക്ക് തിരികെ അടവാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-4 കൈപ്പറ്റ് രസീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥ-അസി.സെക്രട്ടറി

2016-17 സാമ്പത്തികവർഷം അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് വികസനഫണ്ടിൽ നിന്നും വകയിരുത്തിയ തുക താഴെ പറയുംപ്രകാരം പഴയന്നൂർ ബ്ലോക്ക്പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| പ്രൊജക്ട്നം | പ്രൊജക്ടിന്റെ പേര് | ട്രഷറിബിൽനം | തുക |
|---|---|---|---|
| 93/17 | പി.എം.എ.വൈ വിഹിതം നൽകൽ | 1/28.2.17 | 80000/- |
| 179/17 | ഐ.എ.വൈ എസ്.സി. അധികധനസഹായം | 3/28.2.17 | 11,20,915 |

| | | | |
|---|---|---|---|
| | വിഹിതം നൽകൽ | | |
| | ആകെ | | 1200915 |

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ റികിവിസിഷൻ,ഗുണഭോക്തൃലിസ്റ്റ്, കൈപ്പററ് രസീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കുന്നതുവരെ ചെലവുതുക 1200915/- തടസ്സപ്പെടുത്തുന്നു.

# 3-5 എസ്.സി .വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-പഠനം പൂർത്തീകരിച്ച ഗുണഭോക്താവിന് നൽകി

നിർവ്വഹണോദ്യോഗസ്ഥ-അസി.സെക്രട്ടറി

പ്രൊജക്ട് നം-78/17

ട്രഷറിബിൽനം-7/31.3.17 തുക-320600/-

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പ്രൊജക്ടിനായി Zeta IT Innovations ltd, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 14 ഗുണഭോക്താക്കൾക്ക് 22900/- രൂപ നിരക്കിൽ 320600/- രൂപയ്ക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ആയതിൽ രാജേഷ്, വേലൂർപ്പടി എന്ന ഗുണഭോക്താവ് ഹാജരാക്കിയ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ചേലക്കരയുടെ 16.11.16 ലെ നം.A2/184/2016/CAS-CLKA പ്രകാരം മേൽ ഗുണഭോക്താവ് 2014-15, 2015-16 സാമ്പത്തികവർഷത്തെ എം.കോം വിദ്യാർത്ഥിയാണെന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ആയതു പ്രകാരം മേൽ ഗുണഭോക്താവിന്റെ പഠനം 3/16 ന് അവസാനിച്ചതായി കാണാം. മേൽപറഞ്ഞ ഗുണഭോക്താവിന് 3/17 ൽ വിദ്യാർത്ഥി എന്ന നിലയിൽ ഈ ആനുകൂല്യത്തിന് അർഹനല്ല. ആയതു പരിശോധിക്കാതെ ഈ ഗുണഭോക്താവിന് അനുവദിച്ച ലാപ് ടോപ്പിന്റെ വിലയായ 22900/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 3-6 രേഖകൾ പൂർണ്ണമായി ഹാജരാക്കാത്ത ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചു.

നിർവ്വഹണം-അസി.സെക്രട്ടറി

പ്രൊജക്ട് നം-153/17(വീടിന് സ്ഥലം (എസ്.സി)

ട്രഷറിബിൽനം-5/24.3.17 തുക-195000/-

6/24.3.17 തുക-150000/-

ഒരു ഗുണഭോക്താവിന് 150000/- രൂപ വീതം 14 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 തിയതി 11.1.16പ്രകാരം അനന്തരാവകാശമായി ഭൂമി ലഭിക്കാൻ സാധ്യതയില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാത്ത ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചതായി കാണുന്നു.

| ഗുണഭോക്താവ് | സ്ഥലം വിററ ആൾ | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| അജിത, D/o വേലായുധൻ, മാങ്ങാട്ടിലിപ്പടി | ഉണ്ണികൃഷ്ണൻ & ശോഭന, കാരിണിപ്പാടത്ത് | അനന്തരാവകാശമായി ഭൂമി ലഭിക്കാനില്ലെന്ന സാക്ഷ്യപത്രം |
| സുരേന്ദ്രൻ, കരിക്കലോടിപറമ്പിൽ | ബാലൻ,ശങ്കുണ്ണി മുതൽപേർ,നെട്ടാത്ത് | ഭാര്യയായ ദിവ്യയുടെ പേരിൽ അനന്തരാവകാശമായി ഭൂമി ലഭിക്കാനില്ലെന്ന സാക്ഷ്യപത്രം |
| മുകേഷ് കൃഷ്ണൻ, പുത്തൻപറമ്പിൽ | സുമ ശ്രീധരൻ, തെക്കേകുണ്ടിൽ | ഭാര്യ, ഭർത്താവ് എന്നിവർക്ക് അനന്തരാവകാശമായി ഭൂമി ലഭിക്കാനില്ലെന്ന സാക്ഷ്യപത്രം |

സ്ഥലം വിററ ആളുകൾക്ക് തുക കൈമാറിയതിന്റെ വിവരം ,തുക കൈപ്പറ്റ് രസീതി എന്നിവയോടൊപ്പം മേൽപ്പറഞ്ഞ രേഖകളും ഹാജരാക്കുന്നതു വരെ ചെലവുതുക 2100000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-7 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്ട്.നം-70/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,ആയുർവേദം

ട്രഷറിബിൽനം-3/16-17 തിയതി.തുക-300000/-

ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങലിനായി ഔഷധിയുടെ 300000/-രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് നം.PRF938/9.11.16 പ്രകാരം തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട് (ഡിഡി.നം.230736/24.11.16). എന്നാൽ നാളിതുവരെ 237555/- രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (ഇൻവോയ്സ് നം.2631/17.12.16,4269/26.2.17,4619 /17.3.17). ബാക്കി 62445/- രൂപയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-8 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും കുപ്പികളും വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്ട് നം.-77/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,ഹോമിയോ

ട്രഷറിബിൽനം-1/16-17 തിയതി.തുക-200000/-

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങലിനായി ഹോംകോ, ആലപ്പുഴയുടെ 200000/-രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് നം.PF323/1.11.16 പ്രകാരം തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട് (ഡിഡി.നം.230730/24.11.16). എന്നാൽ നാളിതുവരെ 74085/- രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (ഇൻവോയ്സ് നം.LF-1421/28.3.17). ബാക്കി 125915/- രൂപയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ കൈപ്പറ്റ് രസീതി ഹാജരാക്കുകയോ ചെയ്തിട്ടില്ല

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അനുപൂരകപോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗനവാടികൾക്ക് വിതരണം നടത്താനായി വാങ്ങിയ ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കിൽ ചേർക്കുകയോ, സ്ഥാപനങ്ങളിൽ നിന്ന് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ട്രഷറി ബിൽനം/ചെക്ക് നം | വാങ്ങിയത് | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 2/28.12.16 | സപ്ലൈകോ-തിരുവില്വാമല - തുക-186335/-<br>ടി.എച്ച്.ആർ.എസ്-41440/- | സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അംഗനവാടി ജീവനക്കാർ കൈപ്പറ്റിയതിന്റെ വിവരം |
| 12/29.3.17 | സപ്ലൈകോ-346493/- | സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. |

മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 574268/-തടസ്സപ്പെടുത്തുന്നു.

## 3-10 അംഗൻവാടികൾക്ക് ബേബി ഫ്രണ്ട് ലി പെയിന്റിംഗ്-രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ്.നം-44/17 (സ്പിൽ ഓവർ)

ട്രഷറിബിൽ നം-7/31.3.17 തുക-199891/-

YONG Enterprises, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.139/21.3.17 പ്രകാരമുള്ള 199891/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ട് നം-67339813903 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ ആവശ്യപ്പെട്ടതുപ്രകാരം സ്ക്വയർഫീറ്റിനുള്ള നിരക്ക് രേഖപ്പെടുത്തിയാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച 11 അംഗൻവാടികളിൽ ബന്ധപ്പെട്ട അസി.എഞ്ചിനീയർ അളവുകൾ രേഖപ്പെടുത്താതെ തന്നെ സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിനൽകിയ അളവുകൾ ഹാജരാക്കേണ്ടതാണ്. ആയതിനോടൊപ്പം സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതിയും ഹാജരാക്കുന്നതുവരെ ചെലവുതുക 199891/- തടസ്സപ്പെടുത്തുന്നു.

# 3-11 നാഷണൽ പെൻഷൻ സിസ്റ്റം-ശമ്പളത്തിൽ നിന്നും പിടിച്ച തുകകൾ പെൻഷൻ അക്കൗണ്ടിൽ അടവാക്കിയില്ല

ശ്രീമതി.മാലിനി.പി.എസ്,ക്ലാർക്കിന്റെ ഡിസംബർ 2016 മുതലും, ശ്രീ.വിപിൻ.വി,ക്ലാർക്കിന്റെ ജനുവരി 2017 മുതലും ഉള്ള പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പളത്തിൽ നിന്നും പിടിക്കുന്നുണ്ടെങ്കിലും, ആയത് ഗ്രാമപഞ്ചായത്ത് വിഹിതം കൂടി ചേർത്ത് പെൻഷൻ അക്കൗണ്ടിൽ അടവാക്കാനുള്ള നടപടികൾ നാളിതു വരെ സ്വീകരിച്ചിട്ടില്ല. അതാതു മാസം തന്നെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# 3-12 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-മതിയായ വിഹിതം വകയിരുത്തിയില്ല

പ്രൊജക്ട് നം-85/17

ട്രഷറിബിൽനം-3/3.3.17 തുക-300000/-

ജില്ലാ പഞ്ചായത്ത് വിഹിതം-150000/-(ട്രഷറി ചെക്ക് നം.1358796/31.3.17)

ആകെ-450000/-

കൊണ്ടോഴി ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം പ്രൊജക്ടിൽ വകയിരുത്തുകയോ,വിഹിതം ലഭിക്കുകയോ ചെയ്തിട്ടില്ല. വകയിരുത്തിയ തുക മുഴുവൻ ഗുണഭോക്താക്കൾക്കും വിതരണം നടത്തിയിട്ടുണ്ട് എങ്കിലും യഥാർത്ഥത്തിൽ അർഹമായ തുക ആർക്കും തന്നെ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്

സാധിച്ചിട്ടില്ല.

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വർഷത്തിൽ 18200/- രൂപ വരെ നൽകാമെന്നിരിക്കെ (ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾ ഒഴികെ) ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിച്ചിരിക്കുന്നത് 10050/- രൂപ മാത്രമാണ്.

ഭിന്നശേഷിയുള്ളവർക്ക് മതിയായ വിഹിതം ലഭ്യമാകുന്ന വിധത്തിൽ പ്രൊജക്റ്റുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 എസ്.എസ്.എ-അധികമായി അടവാക്കിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം-84/17(എസ്.എസ്.എ (ജനറൽ),86/17(എസ്.എസ്.എ(എസ്.സി)

നിർവ്വഹണോദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്,ജി.യു.പി.എസ് മായന്നൂർ

ട്രഷറിബിൽനം-1/16-17 തി.22.12.16,തുക-648991/-

ട്രഷറിബിൽനം-2/16-17 തി.22.12.16,തുക-223828/-

ആകെ-872809/-

2016-17 സാമ്പത്തികവർഷം എസ്.എസ്.എയ്ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതായി 24/6/17 ൽ എസ്.എസ്.എ ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. എന്നാൽ സാക്ഷ്യപത്രപ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ ആകെ ചെലവഴിച്ച തുക 15,34452/- രൂപയാണ്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് നൽകേണ്ടത് ആകെ ചെലവഴിച്ച തുകയുടെ 40% മാത്രമാണ്. എസ്.എസ്.എയ്ക്ക് നൽകിയ 872809/- രൂപയിൽ 613780/- രൂപ കഴിച്ച് ബാക്കി തുകയായ 259029/-രൂപ തിരികെ ഈടാക്കാനുള്ള നടപടികളോ അല്ലെങ്കിൽ വരുംവർഷങ്ങളിൽ എസ്.എസ്.എ ക്ക് നൽകാനുള്ള തുകയിൽ അഡ്ജസ്റ്റ് ചെയ്യാനുള്ള നടപടികളോ സ്വീകരിക്കേണ്ടതാണ്.

## 3-14 ആട്ടുവളർത്തൽ പദ്ധതി-അനർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ചു

പ്രൊജക്റ്റ് നം-104/17 (ആട്ടുവളർത്തൽ ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ട്രഷറി ബിൽനം-2/16-17 തിയതി.9.3.17, തുക-30000

ട്രഷറി ബിൽനം - 6/16-17 തിയതി.16.3.17, തുക-25000

ബിൽനം - 8/16-17 തിയതി.25.3.17, തുക-45000

ട്രഷറി ബിൽനം – 11/16-17 തിയതി.30.3.17, തുക-50000

ആകെ-150000/-

ഗുണഭോക്താവ് ഒരാൾക്ക് പദ്ധതിവിഹിതത്തിൽ നിന്നും 5000/- രൂപയും, ഗുണഭോക്തൃവിഹിതം 7000/- രൂപയും ഉൾപ്പെടെ 12000/- രൂപയ്ക്ക് 3 പെണ്ണാടുകളെ വാങ്ങി നൽകുന്നതാണ് മേൽ പദ്ധതി. ആടിനെ വിററ ആളുകൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയി തുക അനുവദിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അനർഹമായി ആനുകൂല്യം അനുവദിച്ചതായി കാണുന്നു.

| ഗുണഭോക്താവ് | കുറിപ്പുകൾ |
|---|---|
| ഏലിയാമ്മ,W/O മാത്യു ,വട്ടപ്പറമ്പിൽ | റേഷൻകാർഡ് നം.1842077183 ൽ ക്രമനം.3 ആയി ഉൾപ്പെട്ട മകൻ സാജൻമാത്യു ഗവ.ജീവനക്കാരനാണ്. കൂടാതെ വത്സമ്മ ബാബു, വട്ടപറമ്പിൽ എന്ന ഗുണഭോക്താവിന് ആടിനെ നൽകിയിരിക്കുന്നത് മാത്യു വട്ടപറമ്പിൽ ആണ്. (ജോയിന്റ് അക്കൗണ്ട് നം.10536603993- ഏല്യാമ്മ, മാത്യു വട്ടപറമ്പിൽ) |
| കുമാരി,കൊടയ്ക്കാട്ടിൽ | റേഷൻ കാർഡ് നം.1842095407 ൽ കാർഡ് ഉടമയായ ശ്രീ.കൃഷ്ണൻകുട്ടി പെൻഷണർ ആണ്. |
| മീനാക്ഷി,അകത്തറ | റേഷൻ കാർഡ് നം.1842095252 ൽവരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് പ്രതിമാസം 22794/- രൂപയാണ്. ആയതു പ്രകാരം വാർഷികവരുമാനം 273528/- രൂപ ആണ്. |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/16 തിയതി.11.1.16 അനുബന്ധം 15,2.14പ്രകാരം മേൽപറഞ്ഞവരെ 50000/- രൂപയിൽ കുറവ് വരുമാനമുള്ളവരായി പരിഗണിക്കാൻ സാധിക്കുകയില്ല. അനർഹർക്ക് ആടുകളെ വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും അനുവദിച്ച 15000/- രൂപ (5000x3) തിരികെ ഈടാക്കേണ്ടതാണ്.

## 3-15 സമഗ്രക്ഷീരവികസനം-ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത രേഖകൾ ഇല്ല

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

ട്രഷറി ബിൽ നം-1/16.17 തിയതി.13.3.17 തുക-281510

ട്രഷറി ബിൽ നം-2/16.17 തിയതി.13.3.17 തുക-100791

ആകെ-382301/-

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/16 തീയതി.11.1.16 ലെ നിർദ്ദേശപ്രകാരം പാലിനുള്ള സബ്സിഡി തുക ക്ഷീരസംഘങ്ങൾ മുഖേന കർഷകരുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. എന്നാൽ മായന്നൂർ ക്ഷീരോത്പാദകസഹകരണസംഘം ഒഴികെ പാലിന് സബ്സിഡി നൽകിയ ചേലക്കോട്, പാറമേൽപടി, കൊണ്ടാഴി ക്ഷീരസഹകരണസംഘങ്ങൾ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| സംഘത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| ചേലക്കോട് | 79098 |
| പാറമേൽപടി | 86159 |
| കൊണ്ടാഴി | 114907 |
| ആകെ | 280164 |

ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ കൈപ്പറ്റ് രസീതികൾ ഹാജരാക്കുന്നതു വരെ ചെലവുതുക 280164/- തടസ്സപ്പെടുത്തുന്നു.

# 3-16 ഒ.ഡി.എഫ് പദ്ധതി-ലഭ്യമായ ശുചിത്വമിഷൻ വിഹിതം വിനിയോഗിച്ചിട്ടില്ല

2016-17 സാമ്പത്തികവർഷത്തെ ODF പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും 12,24000/- രൂപയും, 2015-16 ലെ സ്പിൽ ഓവർപദ്ധതിക്കായി 2,52000/- രൂപയുംകൂടി ആകെ 1476000/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. 2016-17 ലെ ODF പദ്ധതി ശുചിത്വമിഷൻ വിഹിതം, വികസനഫണ്ട് വിഹിതം എന്നിവ വിനിയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 2015-16 ലെ സ്പിൽ ഓവർ പദ്ധതിയ്ക്ക് ഗുണഭോക്താക്കൾക്ക് മുഴുവൻ തുക അനുവദിച്ചിട്ടില്ല. അവസാനഗഡുവായി ശുചിത്വമിഷന്റെ 6000/- രൂപ കൂടി 38 ഗുണഭോക്താക്കൾക്ക് നൽകാനുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിച്ച ശുചിത്വമിഷൻ ഫണ്ടിൽ നിന്നും മേൽ രണ്ടു പ്രൊജക്ടുകൾക്കായി ആകെ ചെലവഴിച്ചത് 8,40000/- രൂപ മാത്രമാണ്. ബാക്കി 636000/- രൂപ തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സർക്കാർ മാർഗ്ഗരേഖ നിർദ്ദേശപ്രകാരം മേൽ തുക വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 2016-17 ൽ പഞ്ചായത്ത് 12093029 രൂപ ലാപ്സാക്കി

2016-17 വർഷത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന് വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിന്റേയും പഞ്ചായത്ത് തൻവർഷം ചെലവഴിച്ച തുകയുടേയും ലാപ്സായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | ലാപ്സായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 10007511 | 8609570 | 1397941 | 86.03 |
| വികസനഫണ്ട് എസ്.സി.പി. | 7888212 | 7307447 | 580765 | 92.63 |
| ധനകാര്യകമ്മീഷൻ അവാർഡ് | 5612980 | 2533892 | 3079088 | 45.14 |
| ലോകബാങ്ക് ധനസഹായം (കേന്ദ്രം) | 2586891 | 979153 | 1607738 | 37.85 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാനം) | 772471 | ---- | 772471 | 0 |
| റോഡിതര സംരക്ഷണഗ്രാന്റ് | 2678088 | 2673374 | 4714 | 99.82 |
| റോഡ് സംരക്ഷണഗ്രാന്റ് | 4650312 | ----- | 4650312 | 0 |
| ആകെ | 34196465 | 22103436 | 12093029 | 64.63 |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 1 കോടി 20 ലക്ഷം രൂപയോളമാണ് തൻവർഷം ലാപ്സാക്കിയത്. നിബന്ധനകൾക്ക് വിധേയമായിമാത്രമേ സ്പിൽ ഓവർ പ്രവൃത്തികൾക്ക് സർക്കാർ 2017-18 വർഷത്തിൽ വിഹിതം അനുവദിക്കുകയുമുള്ളൂ. മാത്രമല്ല വികസനപ്രവർത്തനങ്ങൾക്ക് കാലതാമസവും സംഭവിക്കുന്നു. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

## 3-18 പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സ് തയ്യാറാക്കിയതിലെ അപാകതകൾ

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 ൽ യോഗതീരുമാനങ്ങളും യോഗ നടപടിക്രമവും രേഖപ്പെടുത്തുന്ന വിധം പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല.

ചട്ടം 26(3)പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്റ്ററും പഞ്ചായത്തിന്റെ യോഗ നടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും അവയിൽ മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും അവ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്. ചട്ടം 26(4)പ്രകാരം പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ തീരുമാന രജിസ്റ്ററിൽ ഓരോന്നിനും ഒരു ക്രമനമ്പർ നല്കിയും ബന്ധപ്പെട്ട അജണ്ട നമ്പർ ചേർത്തും ഒരു

കാർബൺ പേപ്പർ പകർപ്പ് സഹിതം രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തിയതിന് താഴെ സെക്രട്ടറിയും യോഗാദ്ധ്യക്ഷനും ഒപ്പു വയ്ക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് തീരുമാന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീരുമാനങ്ങളും മിനിട്സ് ബുക്കിൽ തന്നെയാണ് എഴുതുന്നത്. രേഖപ്പെടുത്തലുകളിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 19.12.16 വരെയുള്ള തീരുമാനങ്ങൾ യോഗാദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.എഴുതാതെ പേജുകൾ ഇടയിൽ ഒഴിച്ചിട്ടിരിക്കുന്നു.

ഉദാ: പേജ് 10 മുതൽ 21 വരെ(24.6.16),പേജ് 85 മുതൽ 92വരെ(28.7.16),പേജ് 116(27.9.16)

3.ജീവനക്കാരുടെ അംഗീകരിച്ച ഔദ്യോഗിക യാത്രകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.

4.തീരുമാനങ്ങൾ,പങ്കെടുത്തവരുടെ ഹാജർ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

തീരുമാനം എന്നെഴുതിയും യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ എന്നെഴുതിയും ഗുണഭോക്തൃലിസ്റ്റ് താഴെ ചേർക്കുന്നു എന്നെഴുതിയും മറ്റും സ്ഥലം ഒഴിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ഉദാ: 1)തീരുമാനം -- 1(4)/30.5.16, 1(3)/24.6.16, 10(8)/24.6.16, 4(1)/27.9.16,1(38)/29.9.16

2)ഹാജർ -12.7.16, 28.7.16

മേൽ പരാമർശിച്ച അപാകതകൾ യഥാർത്ഥ തീരുമാനങ്ങളിലും ഗുണഭോക്താക്കളുടെ പേരുവിവരങ്ങളിലും മറ്റു രേഖപ്പെടുത്തലുകളിലും പിന്നീട് മാറ്റം വരുത്തുകയോ പുതിയതായി എഴുതിചേർക്കുകയോ ചെയ്യാമെന്ന സാദ്ധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-19 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിലെ അപര്യാപ്തതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1.പ്രൊജക്ട് നം. 59/17(യാത്രാസൗകര്യം ഒരുക്കൽ)

ചെലവഴിച്ച തുക: ട.ബി. 3/26.10.16; 200000

ട.ബി.13/31.12.16; 27500

വൗ.നം.21601023/31.3.17;70000

2. പ്രൊജക്ട് നം. 58/17(ഭക്ഷണം,ഓണറേറിയം)

ചെലവഴിച്ച തുക: ട.ബി. 4/26.10.16; 200000

ട.ബി.11/31.12.16; 40000

മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള തദ്ദേശ സ്ഥാപനതല പുനരധിവാസകേന്ദ്രങ്ങളാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ. 2015-16 ൽ പഞ്ചായത്തിന്റെ അധീനതയിൽ കാരുണ്യ റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാരുണ്യ റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(കൈ)നം.144/2013/തസ്വഭവ തിയതി 6.4.2013 പ്രകാരം പുറപ്പെടുവിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ മാർഗ്ഗരേഖയിലെ ഖണ്ഡിക 14 പ്രകാരം സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണ്. എന്നാൽ ഇപ്രകാരം അംഗീകാരം വാങ്ങിയതായി കാണുന്നില്ല.
2. മേൽ ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം ബഡ്സ് സ്കൂൾ വികസന മാനേജ്മെന്റ് സമിതി മാതൃകയിൽ ബി.ആർ.സി.കൾക്ക് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് ധർമ്മസ്ഥാപന സംഘ നിയമ പ്രകാരം രജിസ്ററർ ചെയ്യേണ്ടതാണ്. മാനേജ്മെന്റ് കമ്മിറ്റി 3.10.15 ൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും ധർമ്മസ്ഥാപന സംഘ നിയമ പ്രകാരം രജിസ്ററർ ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. സമിതി അവസാനമായി യോഗം ചേർന്നിരിക്കുന്നത് 23.1.17 നാണ്.

   3. വികസന മാനേജ്മെന്റ് സമിതിയുടെ ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് സമിതിയിലെ അംഗങ്ങളിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നു.

   1. സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ

   2. തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

   3. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറി

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഭരണസമിതി മാറിയെങ്കിലും വികസന മാനേജ്മെന്റ് സമിതി പുനസംഘടിപ്പിച്ചിട്ടില്ല. മുൻ ഭരണസമിതിയിലെ അംഗങ്ങളാണ് ഇപ്പോഴും വികസനസമിതിയിലെ അംഗങ്ങൾ. സമിതിയുടെ ബാങ്ക് അക്കൗണ്ട് ഇപ്പോഴും നിലനിൽക്കുന്നത് അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടിന്റേയും അസിസ്റ്റന്റ് സെക്രട്ടറിയുടേയും പേരിലാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഒന്നാംഘട്ട ആശ്രയ പദ്ധതിയുടെ കാലാവധി അവസാനിക്കുകയും രണ്ടാം ഘട്ട പദ്ധതിക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ റീവിസിറ്റ് നടത്തി ഗുണഭോക്താക്കളെ പുനർനിർണ്ണയിക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്. അതോടൊപ്പം രണ്ടാംഘട്ട ആശ്രയ പദ്ധതിയും നടപ്പിലാക്കി വരുന്നു. ലഭ്യമായ ചലഞ്ച് ഫണ്ട് അവസാനിച്ചതിനെ തുടർന്ന് ഒന്നാംഘട്ട ആശ്രയപദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പോഷകാഹാരവിതരണം, മരുന്നു വിതരണം

എന്നിവയെല്ലാം ജൂൺ 2017 ന ശേഷം നിർത്തലാക്കിയിരിക്കുകയാണ്. പദ്ധതി ഫണ്ടിന്റെ വിനിയോഗം ഡിസംബർ 2015 വരെ മാത്രമേ നടത്തിയിട്ടുള്ളൂ. ഈ പദ്ധതികളുടെ നിലവിലെ ഭൗതികനേട്ടത്തിന്റ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ | 111 | 96 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 3 | 4 |
| നാളിതുവരെ ലഭിച്ചവർ | 1 | 3 |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 21 | 22 |
| നാളിതുവരെ ലഭിച്ചവർ | 7 | 8 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 29 | 30 |
| നാളിതുവരെ ലഭിച്ചവർ | 8 | 1 |

മേൽ പട്ടികയിൽ നിന്നും ഒന്നാം ഘട്ട പദ്ധതിയുടെ ഭൗതികനേട്ടം നാമമാത്രമാണെന്ന് കാണാം. വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ള 3 പേരിൽ ഒരാൾക്കും വീട് ആവശ്യമുള്ള 21പേരിൽ 7 പേർക്കും വീട് റിപ്പയർ ആവശ്യമുള്ള 29 പേരിൽ 8 പേർക്കും മാത്രമാണ് പ്രൊജക്ട് പ്രകാരം നേട്ടമുണ്ടായത്. ജനറൽ, എസ്.സി.എസ്.ടി. എന്നീ വിഭാഗങ്ങളിൽപെട്ടവർക്ക് മേൽ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രൊജക്ടുകളിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടിയിരുന്നത്. അപ്രകാരം പദ്ധതി നടപ്പാക്കിയിരുന്നെങ്കിൽ പദ്ധതിയുടെ തുടക്കത്തിൽ തന്നെ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാമായിരുന്നു. എന്നാൽ പഞ്ചായത്തുകൾ ആശ്രയഗുണഭോക്താക്കൾക്ക് പ്രത്യേകം പ്രൊജക്ടുകൾ വക്കുകയും പരിമിതമായ ഫണ്ട് വകയിരുത്തുകയുമാണ് ചെയ്തുപോരുന്നത്. ഇതിന്റെ ഫലമായി ആശ്രയഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റാതെ കിടക്കുന്നു.

പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയഗുണഭോക്താക്കളുടെ അടിസ്ഥാനസൗകര്യാവശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ ഫലപ്രദമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്.

## 3-21 ഫർണീച്ചർ കൈമാറിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നം. 158/17 (കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ)

ചെലവഴിച്ചതുക: ട.ബി.24/16.3.17; 200000 (റോഡിതരസംരക്ഷണഗ്രാന്റ്)

പഞ്ചായത്തിലേക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനായി 200000 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയവയിൽ താഴെ പറയുന്ന ഫർണീച്ചർ അതാത് സ്ഥാപനങ്ങളിലേക്ക് കൈമാറിയിട്ടില്ല.

| ഇനം | എണ്ണം |
|---|---|
| കമ്പ്യൂട്ടർ മേശ | 1 |
| കസേര(Sആകൃതി) | 1 |
| അലമാര | 3 |
| റാക്ക് | 1 |

ഇതേക്കുറിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/8.8.17ന് മറുപടിയായി ഒരു അലമാര കൃഷി ഓഫീസിലേക്കും മറ്റുള്ളവയെല്ലാം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്കും നൽകാനുള്ളതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം മറ്റൊരിടത്തേക്ക് മാറ്റാനുള്ള ഉദ്ദേശ്യമുള്ളതുകൊണ്ടാണ് കൈമാറാതിരുന്നതെന്നും അറിയിക്കുകയുണ്ടായി. ഫർണീച്ചർ യഥാസമയം കൈമാറി വിവരം അറിയിക്കേണ്ടതാണ്.

## 3-22 വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതിൽ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

വാർഷികകണക്കിന്റെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായതിൽ അവശേഷിക്കുന്ന തുകകളാണിത്.

| ഇനം | പഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ₹ | കുറിപ്പുകൾ |
|---|---|---|
| എം.പി.ഫണ്ട് | 26619 | ടെണ്ടർ കുറവ് കണക്കാക്കാതെ എം.പി.ഫണ്ട് അനുവദിച്ചതിനാൽ 26619 അധികം ലഭിച്ചു. |
| സമ്പൂർണ്ണശുചിത്വം | 177000 | ഈ തുകയിൽ 102000 ശുചിത്വ മിഷൻ കോഓർഡിനേറ്ററിൽ നിന്ന് 22.1.2014 ൽ ഉറവിട മാലിന്യസംസ്കരണ |

| | | |
|---|---|---|
| | | പദ്ധതിക്കായി ലഭിച്ചത്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കിയില്ല. |
| ജില്ലാ പഞ്ചായത്ത് വിഹിതം | 159507 | വിവിധ സംയുക്ത പ്രൊജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ബാക്കി തുക. |
| മായന്നൂർ ജി.യു.പി. സ്കൂളിൽ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് എസ്.എസ്.എ ഫണ്ട് ലഭിച്ചത് | 101744 | 3685000രൂപയാണ് എസ്.എസ്.എ ഫണ്ട് ലഭിച്ചത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 3583256 രൂപയാണ് അകെ ചെലവ്. ബാക്കി തുക അവശേഷിക്കുന്നു. |

അനുവദിച്ച ഫണ്ടിന്റെ എല്ലാ ഉദ്ദേശ്യങ്ങളും നിറവേറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇനിയും ഈ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികളൊന്നും നിറവേറ്റാനില്ലെങ്കിൽ ഈ തുകകൾ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ/ വകയിരുത്തിയ തുക | നടപ്പാക്കിയ പ്രൊജക്ടുകൾ/ ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 94 | 22 | 23.4 |
| തുക | 25822735 | 4936838 | 19.11 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 23.4% പ്രൊജക്ടുകളിൽ മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 19.11% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ഫണ്ട് വിനിയോഗത്തിൽ വലിയ കുറവാണ് സംഭവിച്ചിരിക്കുന്നത്. ലഭ്യമായ ഫണ്ട് ഉപയോഗിക്കാതിരിക്കുന്നത് പൊതുജനങ്ങൾക്ക് വികസനം നിഷേധിക്കുകയോ വികസനത്തിന് കാലതാമസം വരികയോ ചെയ്യുന്നു. ഫണ്ട് വിനിയോഗം കുറവായതിന്റെ കാരണം വിശകലനം ചെയ്ത് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-24 ഇൻസിനറേറ്ററിന്റെ പ്രവർത്തനം ഫലപ്രദമല്ല

നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നം. : 65/17

അടങ്കൽ : ₹130000(തനത് ഫണ്ട്)

ചെലവഴിച്ച തുക : ചെക്ക് നം.1358786/18.3.17;115000

ഖരമാലിന്യസംസ്കരണത്തിനായി ഒരു ഇൻസിനറേറ്റർ മേൽ പ്രകാരം തൻവർഷം വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. യോങ്ങ് എന്റർപ്രൈസസ്സ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേനയാണ് ഇൻസിനറേറ്റർ വാങ്ങിയിരിക്കുന്നത്. കൊണ്ടാഴി പാറക്കടവ് ഗണപതി അമ്പലത്തിന് സമീപമാണ് ഇൻസിനറേറ്റർ സ്ഥാപിച്ചിരിക്കുന്നത്. ഓഡിറ്റ് സമയത്ത് സ്ഥലം സന്ദർശിച്ച ഓഡിറ്റ് സംഘത്തിന് ഇൻസിനനേറ്റർ സമീപകാലത്ത് പ്രവർത്തിച്ചതിന്റെ ലക്ഷണങ്ങളൊന്നും കാണാൻ കഴിഞ്ഞില്ല. ഉപകരണം സ്ഥാപിച്ചതിന്റെ ചുറ്റുഭാഗത്തായി കുറച്ച് മാലിന്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. ഇൻസിനറേറ്ററിന്റെ ഉൾഭാഗത്തായി നിക്ഷേപിച്ച മാലിന്യം അതേപടി അവശേഷിക്കുന്നുണ്ട്. മഴക്കാലം തുടങ്ങിയതിനുശേഷമാണ് ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നതെന്ന് പഞ്ചായത്താധികൃതർ അറിയിക്കുകയുണ്ടായി. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത കാണുന്നു.

പഞ്ചായത്തിന്റെ മാലിന്യപരിപാലനത്തിന് ഉതകുന്ന തരത്തിലുള്ള സംവിധാനമാണ് ഇൻസിനറേറ്റർ എന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഇക്കാര്യത്തിൽ ശുചിത്വമിഷനെ സമീപിച്ചതായി കാണുന്നില്ല. ശുചിത്വമിഷന്റെ സാങ്കേതികാനുമതി വാങ്ങിയിട്ടുമില്ല. ഖരമാലിന്യസംസ്കരണത്തിനായുള്ള സേവനദാതാക്കളായി ശുചിത്വമിഷൻ അംഗീകരിച്ച പട്ടികയിൽ യോങ്ങ് എന്ന സ്ഥാപനം ഉൾപ്പെടുന്നില്ല. ഖരമാലിന്യങ്ങളിലെ പൊടി, ചാരം എന്നിവയുടെ ഉയർന്ന സാന്നിദ്ധ്യവും മഴക്കാലത്തെ കനത്ത ഈർപ്പവും ചേരുമ്പോൾ ഭസ്മീകരണം ശരിയായി നടക്കില്ലെന്ന കാര്യം കണക്കിലെടുത്തിട്ടില്ല. 2011 ലെ പ്ലാസ്റ്റിക് വേയ്സ്റ്റ് (മാനേജ്മെന്റ് & ഹാന്റലിംഗ്) റൂൾസിനനുസൃതമായേ പ്ലാസ്റ്റിക് മാലിന്യ സംസ്കരണപദ്ധതികൾ പഞ്ചായത്തിന് ഏറ്റെടുക്കാനാവൂ.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഉപകരണം പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-25 രശ്മിനഗർ ലൈബ്രറി കെട്ടിടം പഞ്ചായത്തിന്റെ അധീനതയിലാക്കണം

നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം : 112/16,35/17

അടങ്കൽ : 700000(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക : ട്രഷറി ബിൽ 18/31.3.17;691250

മേൽ പ്രകാരം 691250 രൂപ ചെലവഴിച്ച് രശ്മിനഗർ ലൈബ്രറി കെട്ടിടം എന്ന പ്രൊജക്ട് പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ലൈബ്രറി പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു സ്വകാര്യ വായനശാലയുടെ സ്ഥലം പഞ്ചായത്തിന് വിട്ടുനൽകിയിട്ടുണ്ട്. ഈ സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. സ.ഉ.(എം.എസ്).362/2013 /തസ്വഭവ തീയതി 16.11.13, സ.ഉ.(എം.എസ്).233/2012/തസ്വഭവ തീയതി 7.9.12 എന്നിവ അനുസരിച്ച് പഞ്ചായത്ത് വായനശാലയുടെ കെട്ടിടനിർമ്മാണം മാത്രമേ പഞ്ചായത്തിന് ഏറ്റെടുക്കാനാവൂ. സ്വകാര്യ വായനശാലയുടെ കെട്ടിടനിർമ്മാണം ഏറ്റെടുക്കാനാവില്ല. ഈ സാഹചര്യത്തിൽ ഭൂമിയുടേയും നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം പഞ്ചായത്തിന് ആയിരിക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിലും വില്ലേജ് രേഖകളിലും അതിനാവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

## 3-26 ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിലെ അപാകതകൾ

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകളും പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഗുണഭോക്തൃസമിതി മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ഗുണഭോക്തൃസമിതി രൂപീകരണം, പ്രവൃത്തി നിർവ്വഹണം എന്നിവയിൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 (2) പ്രകാരം ഒരു പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം സർക്കാരിന്റെ പൊതുനിർദ്ദേശങ്ങൾക്ക് വിധേയമായും എല്ലാ ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കികൊണ്ടും നിർവ്വഹണഉദ്യോഗസ്ഥൻ വിളിച്ചുചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ പ്രസ്തുത പ്രദേശത്തെ പഞ്ചായത്തംഗം അദ്ധ്യക്ഷ്യം വഹിക്കേണ്ടതും ആ യോഗത്തിൽ വെച്ച് ഗുണഭോക്താക്തൃസമിതിയെ തെരഞ്ഞെടുക്കേണ്ടതും അതിന് 15 ൽ കവിയാതെയും 7 ൽ കുറയാതെയും അംഗങ്ങളടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിൽ മൂന്നിലൊന്ന് വനിതകളായിരിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഒരു കൺവീനർ ഉണ്ടായിരിക്കേണ്ടതുമാണ്.

എന്നാൽ ഇത്തരത്തിൽ യോഗം വിളിച്ചുചേർത്തതിന്റെ ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പുരോഗതി വിലയിരുത്തുകയും തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തുകയും വേണം. എന്നാൽ ഇപ്രകാരം ചെയ്തതിന്റെ മിനിറ്റ്സ് ഹാജരാക്കിയില്ല.

3. എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ച് കരാർ ഉടമ്പടിയിലെ നിരക്കുകൾ അനുസരിച്ചുള്ള ബിൽതുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് സമിതിക്ക് നൽകുക. പ്രവൃത്തി പൂർത്തിയാക്കിയാലുടനെ തന്നെ വരവ് ചെലവ് കണക്ക് പുസ്തകം, വൗച്ചറുകൾ, മസ്റ്റർ റോളുകൾ, മിനിട്സ് പുസ്തകം എന്നിവ പഞ്ചായത്തിൽ ഹാജരാക്കണം. മാത്രമല്ല, സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്, കമ്പി, ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്. എന്നാൽ ഈ രേഖകളില്ലാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്.

4. പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ. എന്നാൽ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല.

മാർഗ്ഗരേഖ ലംഘിച്ചു നടത്തിയ പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര്/നമ്പർ | കൺവീനർ | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|
| കുളിക്കുന്ന് പള്ളിപ്പറ്റ കുടിവെള്ള പദ്ധതി;19/17 | പി.അരവിന്ദാക്ഷൻ | ട്ര.ബി.നം.1/25.11.16; ₹100000 ബാങ്കേഴ്സ് ചെക്ക്.656313/ 3.4.16; ₹50000 | ഗുണഭോക്തൃസമിതി രൂപീകരിച്ച മിനിട്സ് ഉണ്ട്. |
| അത്താണിപ്പറമ്പ് പ്ലാന്റേഷൻ ലിങ്ക് റോഡ് കോൺക്രീറ്റിംഗ്; 174/17 | അജിത.വി.ജി. | ട്ര.ബി.നം.9/23.3.17; ₹346241 | ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ട് ഉണ്ട്. |
| കോളക്കാട്ട് കുന്ന് കുടിവെള്ളപദ്ധതി;149/16 | കെ.ആർ.ഉദയകുമാർ | ട്ര.ബി.നം.15/30.3.17; ₹224790 | ഗുണഭോക്തൃസമിതി രൂപീകരിച്ച മിനിറ്റ്സ് ഉണ്ട്. |

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-27 മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്)4/2016/തസ്വഭവ/തീയതി 11.1.16 ലെ ഖണ്ഡിക 22 പ്രകാരം പ്രൊജക്റ്റ് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ്

ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി,ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല. സ.ഉ.(എം.എസ്)233/12/തസ്വഭവ തീയതി 7.9.12 ന്റെ അനുബന്ധം 5 പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തോടുകൂടിയുള്ള പ്രൊജക്ട് പൂർത്തീകരണപത്രം ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. മോണിട്ടറിംഗ് നടത്താതെ തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം .

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, തൃശ്ശൂർ | 2016-17 | 500000/- | സമഗ്ര നെൽകൃഷിവികസനം | - | 500000/- |
| ജില്ലാപഞ്ചായത്ത്, തൃശ്ശൂർ | 2016-17 | 150000/- | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000/- | - |
| ബ്ലോക്ക് പഞ്ചായത്ത്, പഴയന്നൂർ | 2016-17 | 40000/- | സമഗ്രക്ഷീരവികസനം കാലിത്തീറ്റ സബ്സിഡി | 0 | 40000/- |

മുൻവർഷത്തെ ജില്ലാ പഞ്ചായത്ത് വിഹിതം കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി പഴയന്നൂർ | വിവിധ വാർഡുകളിൽ പോസ്റ്റുകൾ മാറ്റൽ | 79-3/17<br>147-3/17 | 7288<br>81155 | 7288<br>81155 | 0<br>0 |
| കെ.എസ്.ഇ.ബി പഴയന്നൂർ | സമ്പൂർണ്ണ വൈദ്യുതീകരണം | 78-3/17 | 140000/- | 140000/- | 0 |
| കെ.എസ്.ഇ.ബി ചേലക്കര | സമ്പൂർണ്ണ വൈദ്യുതീകരണം | 78-3/17 | 10000/- | 10000/- | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതിക്ക് ആവശ്യമായ മൂലധനം കണക്കാക്കാൻ | Order no. 800/2010 LSGD dt 9.3.10 | 6821574 | 1951145 | 682150 | 0 | 1268995 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5679/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-30 | 1026 | കെ.കെ.സുരേഷ്ബാബു. പമ്പ് ഓപ്പറേറ്റർ | 11604101005/ 13.6.16 |

| | | | | |
|---|---|---|---|---|
| 2014-15 | 3-30 | 4590 | എ.ടി.ജോയ്<br>പമ്പ് ഓപ്പറേറ്റർ | 11604101458/<br>21.7.16 |
| 1991-92 | 11 | 63 | ചന്ദ്രൻ.എം,<br>സീ. സൂപ്രണ്ട്,<br>പി.എ.യു, മലപ്പുറം | 11604101772/<br>18.8.16 |
| | | 5679/- | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ലഭ്യമല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41845591 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41073587 |
| വരവിനങ്ങളിലുള്ള നഷ്ടം | 6694 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4430238 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 3330 | | ശ്രീമതി.ബിന്ദു.ടി.എൻ, അസി.സെക്രട്ടറി |
| | 900 | | ശ്രീമതി.ജയലക്ഷ്മി. സെക്രട്ടറി |
| 2-4 | 1000 | | ശ്രീമതി.ജയലക്ഷ്മി. സെക്രട്ടറി |

| | | | |
|---|---|---|---|
| 2-6 | 1464 | | ശ്രീമതി.ബിന്ദു.ടി.എൻ, അസി.സെക്രട്ടറി |
| 3-5 | | 22900 | സെറീന.എ.അലി. അസി.സെക്രട്ടറി |
| 3-14 | | 15000 | ഡോ.ശരണ്യ.എം.ജി വെറ്ററിനറി സർജൻ |
| | 6694 | 37900 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 75000 | ഡോ.ശരണ്യ.എം.ജി, വെറ്ററിനറി സർജൻ |
| 3-4 | 1200915 | സെറീന.എ.അലി. അസി.സെക്രട്ടറി |
| 3-6 | 2100000 | സെറീന.എ.അലി. അസി.സെക്രട്ടറി |
| 3-9 | 574268 | 346493-റോസ് മോൾ.ഐ.സി.ഡി.എസ് സൂപ്പർവൈസർ 227775-കെ.പദ്മജ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-10 | 199891 | റോസ് മോൾ.ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-15 | 280164 | ഡോ.സുരേഷ്.ഡയറി ഫാം ഇൻസ്ട്രക്ടർ |
| | 4430238 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ് ഇനത്തിൽ 73/- രൂപ സംസ്ഥാനലൈബ്രറി കൗൺസിലിന് നഷ്ടമുണ്ടായി.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-5, 2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിന്ദു.ടി.എൻ, അസി.സെക്രട്ടറി | സെക്രട്ടറി, തൃക്കടേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് | തേലക്കാട്ടുമന, മായന്നൂർ,തൃശ്ശൂർ |
| ജയലക്ഷ്മി.എം,സെക്രട്ടറി | സെക്രട്ടറി, കൊണ്ടാഴിഗ്രാമപഞ്ചായത്ത് | ആദിശ്രീ,ഒല്ലൂക്കര പി.ഒ,തൃശ്ശൂർ |
| സെറീന.എ.അലി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | അറയ്ക്കുവീട്ടിൽ ഹൗസ്,തളിക്കുളം .പി.ഒ,തൃശ്ശൂർ |
| ഡോ.ശരണ്യ.എം.ജി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | പുലിയത്ത് ഹൗസ്. നിയർ പൂവണിടെമ്പിൾ, കോലഴി, തൃശ്ശൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| *1969-70*<br>*1970-71* | *എൽ.എഫ്.ഇ3 -2943/74/03.07.1984* |
| 1971-72 | *എൽ.എഫ്.ഇ3 -5011/74/13.05.1975* |
| 1972-73 | *എൽ.എഫ്.ഇ3 -1894/76/26.01.1997* |
| 1973-74 | *എൽ.എഫ്.ഇ3 -398/76/12.02.1976* |
| 1974-75 | *എൽ.എഫ്.ഇ3 -6775/76/06.06.1978* |
| 1975-76 | *എൽ.എഫ്.ഇ3 -5136/77/06.01.1978* |
| 1976-77 | *എൽ.എഫ്.ഇ3 -2535/82/11.06.1983* |
| 1977-78 | *എൽ.എഫ്.ടി.10 -2109/80/07.10.1980* |
| 1978-79 | *എൽ.എഫ്.ടി.10 -710/928/23.03.1981* |
| 1979-80 | *എൽ.എഫ്.ടി.13 -1574/82/15.09.1982* |
| 1980-81<br>1981-82<br>1982-83<br>1983-84 | *എൽ.എഫ്.ടി.(എസ്.2)90711/28.01.2012* |

| | |
|---|---|
| 1984-85 | |
| 1985-86 | |
| 1986-87 | *എൽ.എഫ്.ടി.13 -1329/92/15.10.1992* |
| 1987-88 | |
| 1988-89 | *എൽ.എഫ്.ടി.13 -1488/93/25.02.1994* |
| 1989-90 | |
| 1990-91 | |
| 1991-92 | *എൽ.എഫ്.ടി.13 -627/93/03.12.1993* |
| 1992-93 | *എൽ.എഫ്.ടി.13 -368/96/31.03.1997* |
| 1993-94 | |
| 1994-95 | *എൽ.എഫ്.ടി.പി.4 -50/2014/14.03.14 /05.04.2014* |
| 1995-96 | |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-2001 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | *എൽ.എഫ്.ടി.പി.4 -1306/11/08.02.2012* |
| 2008-09 | *എൽ.എഫ്.ടി.പി.4 -1307/11/22.02.2012 /31.03.2012* |
| 2009-2010<br>2010-11 | *എൽ.എഫ്.ടി.പി.4 -1408/12/05.12.2012 /05.03.2013* |
| 2011-12 | *എൽ.എഫ്.ടി.പി.4 -2119/2013/12.05.2014 /07.08.2014* |
| 2012-13 | എൽ.എഫ്.ടി.പി.4 -1921/14 / 06.03.2015/ 01.04.2015 |
| 2013-14<br>2014-15 | നം .കെ.എസ്.എ ടി.എസ്.ആർ(പി 4)/405 /16.തിയ്യതി 02.04.2016/06.05.2016 |
| 2015-16 | നം .കെ.എസ്.എ ടി.എസ്.ആർ(പി 4)/2026 /16.തിയ്യതി 22.11..2016/17.1.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി4)1373/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി 13.10.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P4)1373/2017

Office of the Joint Director of
Kerala State Audit Department
District Audit Office
Thrissur- 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
Dated 13.10.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kondazhy Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kondazhy Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office

Thrissur